കേരള സർക്കാർ

നം:4466/ഡി.ബി2/09/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി: 2/2/2009.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഭക്ഷ്യ ധാന്യ വിതരണ പ്രോജക്ടുകൾ നിർദ്ദേശങ്ങൾ-സ്പഷ്ടീകരണം- സംബന്ധിച്ച്

സൂചന:- 1. 10/11/08-ലെ 71413/ഡിബി2/08/തസ്വഭവ നമ്പർ സർക്കുലർ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/12/08-ലെ കെ എസ്/എൽ/392/08-ാം നമ്പർ കുറിപ്പ്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/12/08-ലെ 2.48(5)-ാം നമ്പർ തീരുമാനം

പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം സംയോജിത ശിശു വികസന പരിപാടിയുടെ (ICDS) ഭാഗമായും ആശ്രയ-അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി അനുസരിച്ചും നടപ്പാക്കുന്ന ഭക്ഷ്യ ധാന്യ വിതരണ പ്രോജക്ടുകളല്ലാതെ വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യരുതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൂചനയിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

കുടുംബശ്രീയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ച ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്ന് കുടുംബശ്രീ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

ഇക്കാര്യം സർക്കാർ പരിശോധിക്കുകയും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്ന ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കണ്ടെത്തിയ എയ്ഡ്സ് രോഗികൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്യുന്നു.

സൂചനയിലെ സർക്കുലർ മേൽ പ്രസ്താവിച്ച ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ
2. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും മുഖേന (പകർപ്പ് ലഭ്യമാക്കുന്നതിനായി)